# മാസമുറയിലെ ദിന വ്യത്യാസം

[ Malayalam - മലയാളം - مليالم ]

﴿ زادت دورتها عدة مرات فكيف تصنع بالصيام؟ ﴾


ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്

الشيخ محمد صالح المنجد

http:// www.islam-qa.com

വിവർത്തനം: ശാക്കിർ ഹുസൈൻ സ്വലാഹി

ترجمة : شاكر حسين صلاحي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1431 — 2010

بسم الله الرحمن الرحيم

**ചോ:**ആദ്യത്തെ രണ്ടു വർഷത്തെ എന്റെ മാസമുറ ആറ് ഏഴ് ദിവസം വരെയായിരുന്നു പിന്നീടുള്ള രണ്ടു വർഷമാകട്ടെ എന്റെ ആർത്തവ കാലാവധി ഏകദേശം ഒമ്പത് ദിവസത്തോളം നീണ്ടു നിന്നു, രണ്ടാം വർഷത്തിന്റെ അവസാനത്തിലും മൂന്നാം വർഷത്തിന്റെ ആരംഭത്തിലും രണ്ട് മൂന്ന് ആഴ്ചകൾ വരെ നീണ്ടു നിന്നു, ഈ റമദാനിലാകട്ടെ മൂന്ന് ദിവസം റമദാനിന്ന് മുമ്പും പതിനഞ്ച് ദിവസം റമദാനിലും അങ്ങനെ മൊത്തം പതിനെട്ട് ദിവസം ഋതുരക്തമുണ്ടായി. എന്റെ നഷ്ടപ്പെട്ട നോമ്പ് എങ്ങനെ ഖളാഅ് വീട്ടും?

ഉ:: الحمد لله وحده والصلاة والسلام على رسوله وآله وصحبه .. وبعد

ദൈവത്തിന് സ്തോത്രം. ഋതു രക്തത്തിന്റെ കൂടിയ പരിധിയുടെ കാര്യത്തിൽ പണ്ഡിതൻമാർ ഏകാഭിപ്രായക്കാരല്ല, ഋതുരക്തത്തിന് കൂടിയതോ കുറഞ്ഞതോ ആയ ഒരു പരിധിയില്ല എന്നതാണ് പണ്ഡിതാഭിപ്രായങ്ങളിൽ ഏറ്റവും ശരിയായത്.ചില സ്ത്രീകൾക്ക് ആർത്തവ കാലം കൂടുകയും മറ്റു ചിലർക്ക് കുറയുകയും ചെയ്യും, ആർത്തവ സാന്നിധ്യമാണ് ഇവിടെ പരിഗണിക്കേണ്ടത് മറിച്ച് നിശ്ചിത കാലാവധിയല്ല,(ഓരോ സ്ത്രീക്കും അനുഭവപ്പെടുന്ന രക്ത സാന്നിധ്യത്തിന്റെ തോതനുസരിച്ച് പിരീഡ് വ്യത്യാസപ്പെടാമെന്ന് സാരം വിവ:)

ശൈഖ് ഇബ്നു ഉഥൈമീൻ പറഞ്ഞു : ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ,ഇബ്നുൽ മുൻദിർ,ഒരു വിഭാഗം പണ്ഡിതൻമാർ എന്നിവരുടെ വീക്ഷണമനുസരിച്ച് ആർത്തവകാലത്തിനും സമയത്തിനും നിശ്ചിത പരിധി നിർണയിക്കുന്നതിന് അവലംബനീയമായ രേഖയില്ല സ്ത്രീകൾക്ക് സാധാരണയായി ഉണ്ടാകാറുള്ള രക്തം എപ്പോൾ ഒരു സ്ത്രീ ദർശിക്കുന്നുവോ അതാകുന്നു ആർത്തവം, ഖുർആനിൽ വിഷയ സംബന്ധമായി പരാമർശിക്കുന്ന ആയത്താകുന്നു ഇതിന്ന് തെളിവ്

‘‘ഋതു രക്തത്തെക്കുറിച്ച് പ്രവാചകരെ അവർ നിന്നോട് ചോദിക്കുന്നു പറയുക അത് മാലിന്യമാകുന്നു’’ (അൽബഖറ 222) ഇവിടെ വിഷയത്തിലെ വിധി ഹേതുവുമായി ബന്ധപ്പെട്ടിരിക്കുന്നു

മാലിന്യം(അശുദ്ധാവസ്ഥ) എന്നതാണ് ഇവിടെ ഹേതു, അപ്പോൾ ഖുർആൻ പറയുന്ന മാലിന്യമുള്ള രക്തം ദർശിക്കുകയും അത് രക്തക്കുഴലിന്റെ തകരാറ് മൂലമുള്ളതല്ല (രക്തസ്രാവം) എന്നുറപ്പാവുകയും ചെയ്താൽ അത് ആർത്തവമാകുന്നു, ഋതു മതിക്കുള്ള എല്ലാ വിധിവിലക്കുകളും അവൾക്ക് ബാധകമാകുന്നു (ഖുർആനിലും ഹദീഥിലും കാലപരിധിയെക്കുറിച്ച് പരാമർശമില്ല വിവ:) സ്ത്രീകളിൽ ചിലർക്ക് നാല്മാസം ശുദ്ധികാലവും പൂർണമായ ഒരു മാസം ഋതുരക്തം നീണ്ടു നിൽക്കുകയും ചെയ്തേക്കാം,ഇത്തരക്കാർക്ക് ഒരുമാസം അശുദ്ധിയുണ്ടാവുക യും പിന്നീട് തുടർച്ചയായി ശുദ്ധികാലം വരികയും ചെയ്യുന്നു മറ്റു ചിലർക്ക്,മാസാന്തം മൂന്ന്,നാല്,അഞ്ച്,പത്ത് എന്നിങ്ങനെ വ്യത്യസ്ത പിരീഡുകളിലും മാസമുറയുണ്ടാകുണ്ട്. (ശറഉൽ മുംതി 1/402)

അതിനാൽ നിന്റെ പതിവനുസരിച്ച് രക്ത സാന്നിധ്യമുണ്ടാകുന്ന കാലം അശുദ്ധി കാലമായി പരിഗണിക്കുകയും ബാക്കി ദിവസങ്ങൾ ശുദ്ധിയുള്ളതായി കണക്കാക്കുകയും ചെയ്യുക.

وصلى الله على نبينا محمد وآله وصحبه وسلم

***********